"ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

T1/24056/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 20.01.2021

<u>Postmatric Scholarship for Minorities</u>

വിഷയം:- ന്യൂനപക്ഷങ്ങൾക്കായുള്ള പോസ്റ്റമാട്രിക്ക് സ്കോളർഷിപ്പ് -മുൻകരുതൽ നടപടികൾ

സൂചന :- കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിൽ നിന്നുള്ള കത്ത് നമ്പർ :SS-15/23/2020-Scholarship-MoMA തീയതി 07 .01 .2021

*********

ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പിൽ തട്ടിപ്പുകൾ തടയുന്നതിനായുള്ള മുൻകരുതൽ എന്ന നിലയിൽ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹതയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിനായി എല്ലാ സ്ഥാപന നോഡൽ ഓഫീസർമാരും ഇവ കൃത്യമായി പിൻ തുടരേണ്ടതാണ് . ഇത് സംബന്ധിച്ച സംശയങ്ങൾക്ക് postmatricscholarship@gmail.com എന്ന മെയിൽലോ 0471-2306580 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ് .

1. വെരിഫൈ ചെയ്ത അപ്ലിക്കേഷനുകൾ എല്ലാം സ്ഥാപനങ്ങളിലേക്ക് തിരിച്ചയച്ചിട്ടുണ്ട് . ആയവ നോഡൽ ഓഫീസർമാർ ചുവടെ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തി റീ വെരിഫൈ ചെയ്യേണ്ടതാണ്.

a .കുട്ടികൾ സമർപ്പിച്ച രേഖകൾ അപേക്ഷയുമായി ഒത്തുനോക്കി എല്ലാ entry കളും കൃത്യമാണെന്ന് ഉറപ്പു വരുത്തുക .

b .വ്യാജ അപേക്ഷ എന്ന് ഉറപ്പല്ലാത്ത ഒരു അപേക്ഷയും reject ചെയ്യാൻ പാടുള്ളതല്ല . വ്യാജ അപേക്ഷയാണെന്ന് ഉറപ്പു വരുന്ന പക്ഷം reject ചെയ്ത് അക്കാര്യം ഈ കാര്യാലയത്തെ അറിയിക്കുക .

c . നോഡൽ ഓഫീസർക്ക് ലഭിക്കുന്ന ലോഗ് ഇൻ വിവരങ്ങൾ യാതൊരു കാരണവശാലും കൈമാറാൻ പാടില്ല . വെരിഫൈ ചെയ്യുന്ന കുട്ടികളുടെ വിവരങ്ങൾ ലിസ്റ്റ് തയാറാക്കി സൂക്ഷിക്കേണ്ടതും സമർപ്പിക്കുന്ന രേഖകൾ ആവശ്യമായ സമയത്തു ഹാജരാക്കേണ്ടതുമാണ് .

d . അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ബോധ്യപ്പെടുത്തുന്നതിനുള്ള രേഖകൾ കുട്ടികൾക്ക് ഹാജരാക്കുവാൻ കഴിയാത്ത പക്ഷം അപേക്ഷകൾ defect ചെയ്തു തിരുത്തുവാൻ കുട്ടികൾക്ക് അവസരം നൽകേണ്ടതാണ് .

e .എല്ലാ നോഡൽ ഓഫീസർ മാരും തങ്ങളുടെ ലോഗിൻ -ൽ ലഭിക്കുന്ന അപേക്ഷകൾ വെരിഫൈ ചെയ്യേണ്ടതാണ് . സ്ഥാപനങ്ങളുടെ ***<u>പരിശോധനക്കുള്ള അവസാന തീയതിയായ 05 .02 .2021</u>*** ശേഷം പരിശോധിക്കപ്പെടാത്ത അപേക്ഷകൾ ഒന്നും ഉണ്ടാകുവാൻ പാടില്ല . അങ്ങിനെ ഉണ്ടാകുന്ന സാഹചര്യത്തിൽ ബാധ്യതകളുടെ പൂർണ ഉത്തരവാദിത്വം നോഡൽ ഓഫീസർക്കായിരിക്കും എന്നും അറിയിക്കുന്നു .

Approval Valid

Digitally Approved By
JAYACHANDRAN K
Date: 20.01.2021
Reason: Approved

*ഒപ്പ്/-*
JAYACHANDRAN K
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

പകർപ്പ്:-

സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)